| പതിമൂന്നാം കേരള നിയമസഭ | |
|---|---|
| പതിനഞ്ചാം സമ്മേളനം | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1133 | 03.12.2015-ൽ മറുപടിക്ക് |
| ഹയർ സെക്കന്ററി വിദ്യാലയങ്ങളിൽ ഭാഷാധ്യാപക തസ്തികകൾ | |
| ചോദ്യം | ഉത്തരം |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഹയർ സെക്കന്ററി വിദ്യാലയങ്ങളിൽ ഭാഷാധ്യാപക തസ്തികകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ; | (എ) | ഹയർ സെക്കണ്ടറി മേഖലയിൽ സർക്കാരിന്റെ നയതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ സ്കൂളുകളും ബാച്ചുകളും അനുവദിക്കുന്നതിനോടൊപ്പം അതാതു പ്രദേശത്തിന്റെ വിദ്യാഭ്യാസ ആവശ്യകത നിറവേറ്റാവുന്ന തരത്തിലാണ് ഭാഷാധ്യാപക തസ്തികകൾ അനുവദിക്കുന്നത്. |
| (ബി) | ഏതെല്ലാം ഭാഷാധ്യാപക തസ്തികകളാണ് നിലവിൽ അനുവദിക്കുന്നതെന്നും ഇവയുടെ ക്രമം എപ്രകാരമാണെന്നും വ്യക്തമാക്കുമോ; | (ബി) | മലയാളം, ഹിന്ദി, അറബിക്ക്, ഉറുദു, കന്നട, തമിഴ്, ഫ്രഞ്ച്, സിറിയക്, ലാറ്റിൻ, സംസ്കൃതം, ജർമൻ, റഷ്യൻ എന്നീ ഉപഭാഷകളാണ് നിലവിൽ അനുവദിക്കുന്നത്. വിജ്ഞാപനം പുറപ്പെടുവിച്ച് അതത് സ്കൂൾ അധികാരികൾ അപേക്ഷിക്കുന്ന വിഷയങ്ങളിൽ നിന്ന്, പ്രദേശത്തിന്റെ വിദ്യാഭ്യാസ ആവശ്യകത പരിശോധിച്ചാണ് ഉപഭാഷ അനുവദിക്കുന്നത്. |
| (സി) | ഇതു സംബന്ധിച്ച് സ്പെഷ്യൽ റൂൾ നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | സ്പെഷ്യൽ റൂൾ നിലവിലില്ല |
| (ഡി) | ഭാഷാധ്യാപക തസ്തികകൾ അനുവദിക്കുമ്പോൾ ഏതെങ്കിലും ഭാഷക്ക് മുൻഗണന നൽകണമെന്ന വ്യവസ്ഥയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ഡി) | മാതൃഭാഷ എന്ന നിലയിൽ മലയാളത്തിന് മുൻഗണന നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ